**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4397** **18-03-2025 - ൽ മറുപടിയ്ക്ക്**

**എടവനക്കാട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ, ചെറായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ആധിക്യം മൂലം മികച്ച സേവനം ലഭ്യമാക്കുന്നതിലെ പരിമിതികൾ പരിഹരിക്കുന്നതിനായി പ്രസ്തുത സെക്ഷനുകൾക്ക് കീഴിലുള്ള ഉപഭോക്താക്കളെ വീതിച്ച് എടവനക്കാട് ഒരു പുതിയ സെക്ഷൻ കാര്യാലയം സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴി ക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഒന്നുംതന്നെ നിലവിൽ കെ.എസ്.ഇ.ബി.എൽ.– ന്റെ പരിഗണയിൽ ഇല്ല. മാത്രമല്ല കറന്റ് ചാർജ് അടക്കൽ, പുതിയ സർവ്വീസ് കണക്ഷനുള്ള അപേക്ഷ തുടങ്ങി കെ.എസ്.ഇ.ബി.എൽ. നൽകുന്ന സർവ്വീസുകളെല്ലാം ഓൺ ലൈൻ ആയി നിർവ്വഹിക്കാമെന്നതിനാൽ കൂടുതൽ സെക്ഷനോഫീസുകൾ സ്ഥാപിക്കാതെ തന്നെ ഉപഭോക്താക്ക ൾക്ക് മതിയായ സേവനം നൽകാൻ കഴിയുന്നുണ്ട്.<br><br>ആയതിനാൽ വൈപ്പിൻ മണ്ഡല ത്തിലെ ഞാറക്കൽ, ചെറായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ള ഉപഭോക്താക്കളെ വിഭാഗിച്ച് എടവനക്കാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം നടപ്പിലാക്കാൻ സാധ്യതയില്ലാത്തതാകുന്നു. |
| (ബി) | എടവനക്കാട് പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി സെക്ഷൻ ഓഫീസുകളുടെ അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ, ഞാറക്കലിൽ നിന്നും 5000 ഉപഭോക്താക്കളെ ചെറായി ഇലക്ട്രിക്കൽ സെക്ഷനിലേക്കും ചെറായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 5000 ഉപഭോക്താക്കളെ മൂത്തകുന്നം ഇലക്ട്രിക് സെക്ഷനിലേക്കും മാറ്റുന്ന നിലവിലെ നിർദ്ദേശത്തിനു പകരം ചെറായി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഞാറക്കൽ ഇലക്ട്രിക് സെക്ഷനിലേക്കും ഞാറക്കൽ | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴി ക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഒന്നുംതന്നെ നിലവിൽ കെ.എസ്.ഇ.ബി.എൽ.– ന്റെ പരിഗണയിൽ ഇല്ല. മാത്രമല്ല കറന്റ് ചാർജ് അടക്കൽ, പുതിയ സർവ്വീസ് |

| | | | |
|---|---|---|---|
| | ഇലക്ട്രിക് സെക്ഷനിൽ നിന്നും വൈപ്പിനിലേക്കും മുളവുകാട് പഞ്ചായത്തിലെ ഉപഭോക്താക്കളെ യാത്രാ-സേവന സൗകര്യം കണക്കിലെടുത്ത് അടുത്തുള്ള എറണാകുളത്തെ ഇലക്ട്രിക് സെക്ഷനിലേക്കും മാറ്റുന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | കണക്ഷനുള്ള അപേക്ഷ തുടങ്ങി കെ.എസ്.ഇ.ബി.എൽ. നൽകുന്ന സർവ്വീസുകളെല്ലാം ഓൺ ലൈൻ ആയി നിർവ്വഹിക്കാമെന്നതിനാൽ കൂടുതൽ സെക്ഷനോഫീസുകൾ സ്ഥാപിക്കാതെ തന്നെ ഉപഭോക്താക്ക ൾക്ക് മതിയായ സേവനം നൽകാൻ കഴിയുന്നുണ്ട്.<br><br>ആയതിനാൽ വൈപ്പിൻ മണ്ഡല ത്തിലെ ഞാറക്കൽ, ചെറായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ള ഉപഭോക്താക്കളെ വിഭാഗിച്ച് എടവനക്കാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം നടപ്പിലാക്കാൻ സാധ്യതയില്ലാത്തതാകുന്നു. |
| (സി) | മേൽപറഞ്ഞിട്ടുള്ള നിർദ്ദേശം ഇതുവരെ പരിശോധിച്ചിട്ടില്ലെങ്കിൽ അതിന്റെ സാധ്യതകൾ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴി ക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഒന്നുംതന്നെ നിലവിൽ കെ.എസ്.ഇ.ബി.എൽ.– ന്റെ പരിഗണയിൽ ഇല്ല. മാത്രമല്ല കറന്റ് ചാർജ് അടക്കൽ, പുതിയ സർവ്വീസ് കണക്ഷനുള്ള അപേക്ഷ തുടങ്ങി കെ.എസ്.ഇ.ബി.എൽ. നൽകുന്ന സർവ്വീസുകളെല്ലാം ഓൺ ലൈൻ ആയി നിർവ്വഹിക്കാമെന്നതിനാൽ കൂടുതൽ സെക്ഷനോഫീസുകൾ സ്ഥാപിക്കാതെ തന്നെ ഉപഭോക്താക്ക ൾക്ക് മതിയായ സേവനം നൽകാൻ കഴിയുന്നുണ്ട്.<br><br>ആയതിനാൽ വൈപ്പിൻ മണ്ഡല ത്തിലെ ഞാറക്കൽ, ചെറായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ള ഉപഭോക്താക്കളെ വിഭാഗിച്ച് എടവനക്കാട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം നടപ്പിലാക്കാൻ സാധ്യതയില്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ